Office of the Chief Engineer LSGD, Thiruvananthapuram 05/12/16

കേരള സർക്കാർ

നം. എൻ.സി-സി3/181/2016/ധന

ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്
തിരുവനന്തപുരം
തീയതി: 29.11.2016

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

എക്സിക്യൂട്ടീവ് എൻജിനീയർ,
തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം
തിരുവനന്തപുരം

സർ,

വിഷയം:- ധനകാര്യ വകുപ്പ്- പ്രാദേശിക മുൻഗണനാ പ്രവൃത്തി- എസ്റ്റിമേറ്റ് പുതുക്കൽ, പുതിയ ശുപാർശകൾ സമർപ്പിക്കൽ എന്നിവ സംബന്ധിച്ച്.

സൂചന: 1. 30.03.2013 ലെ സ.ഉ.(പി) നം.144/2013/ധന.
2. 01.08.2016 ലെ എൻ.സി-സി3/187/2016/ധന നം. കത്ത്

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1 പ്രകാരം രൂപീകരിച്ച പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പ്രത്യേക പദ്ധതിയുടെ ഉദ്ദേശ്യം തദ്ദേശീയമായി പ്രാധാന്യമുള്ളതും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമായ ചെറുകിട പ്രവൃത്തികളുടെ നിർവ്വഹണമാണ്. 2016-17 സാമ്പത്തികവർഷത്തേയ്ക്ക് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശുപാർശകൾ ധനകാര്യ (നോഡൽ സെന്റർ സി) വകുപ്പിൽ താമസംവിനാ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചന 1 പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ അറിയിച്ചിരുന്നുവെങ്കിലും ഇതുവരെ ശുപാർശകളൊന്നും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ 2016-17 സാമ്പത്തികവർഷത്തേയ്ക്ക് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിനായി സൂചന 1 പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള ശുപാർശകൾ 31.12.2016 ന് മുൻപായി ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും സർക്കാർ/ തദ്ദേശസ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുന്ന രേഖകളും ടി പ്രവൃത്തി മറ്റ് ഏതെങ്കിലും ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുകയോ നിർവ്വഹണം നടത്താൻ പരിഗണിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന റിപ്പോർട്ടും ഉൾപ്പെടുത്തേണ്ടതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**എസ്. നരേന്ദ്രൻ പിള്ള**
**അണ്ടർ സെക്രട്ടറി(ധനകാര്യം)**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി**

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

Endt: No: DB3/5215/2013 dtd 05/12/2016

All the Executive Engineers are directed to adhere to the above guidelines while submitting the proposals in the referred scheme.

CHIEF ENGINEER
Local Self Government Dept.
Thiruvananthapuram